കൈത്തറി തലയിണ ഉറ തുടങ്ങിയ ഇനങ്ങൾ ഒന്നാം ഷെഡ്യൂളിൽ ഉൾപ്പെട്ടവയാണ്. എന്നാൽ കൈത്തറി കൊണ്ടുള്ള റെഡിമെയ്ഡ് ഇനങ്ങൾ, പരവതാനികൾ തുടങ്ങിയവയ്ക്ക് അഞ്ച് ശതമാനമാണ് നികുതി നിരക്ക്.

(ഡി) മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലൊന്നും നികുതി ഈടാക്കുന്നില്ല. ഇവയുടെ നികുതി ഒഴിവാക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത

7.(T *757) ശ്രീ. പി. റ്റി. എ. റഹീം :

ശ്രീ. എം. എ. ബേബി :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികൾക്ക് പ്രതിവർഷം ആവശ്യമായ കശുവണ്ടി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ആവശ്യത്തിന്റെ എത്ര ശതമാനം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ട് ;

(സി) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(ഡി) കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽനിന്ന് ഒഴിവാക്കിക്കൊടുത്തതുവഴി കശുവണ്ടി ഉത്പാദനത്തിൽ മുന്നേറ്റം ഉണ്ടാക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ ; ഇക്കാര്യം വിലയിരുത്തുകയുണ്ടായോ ; വിശദമാക്കാമോ ;

(ഇ) കശുവണ്ടിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കണക്കനുസരിച്ച് സംസ്ഥാനത്തെ തോട്ടണ്ടിയുടെ ആവശ്യകത പ്രതിവർഷം ഏകദേശം 8 ലക്ഷം മെട്രിക് ടൺ വരെയാണ്.

(ബി) സംസ്ഥാനത്ത് ആവശ്യമായ തോട്ടണ്ടിയിൽ ഏകദേശം 83,100 മെട്രിക് ടൺ (11.28%) മാത്രമാണ് ഇവിടെ ഉല്പാദിപ്പിക്കുന്നത്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് കശുമാവ് കൃഷിയുടെ വ്യാപനം ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാർ 2007 വർഷത്തിൽ കാഷ്യു സ്പെഷ്യൽ ഓഫീസർ ചെയർമാനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.) രൂപീകരിച്ചത്. നാളിതുവരെയായി കശുമാവ് കൃഷി വികസനത്തിനായി ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി.

1. കശുമാവ് കൃഷി വ്യാപനം - 26000 ഹെക്ടർ
2. പരമ്പരാഗത കശുമാവിൻ തോട്ടങ്ങളുടെ പുനരുജ്ജീവനം - 75 ഹെക്ടർ
3. മാതൃകാ കൃഷിത്തോട്ടം - 1 എണ്ണം
4. ചെറുകിട നഴ്സറികൾ - 15 എണ്ണം
5. തേനീച്ച വളർത്തൽ - 2000 യൂണിറ്റ്
6. പുതിയ ജലസ്രോതസ്സുകൾ - 2 എണ്ണം
7. കാഷ്യു ആപ്പിൾ പ്രോസസ്സിംഗ് യൂണിറ്റ് - 1 എണ്ണം
8. ബയോ എത്തനോൾപ്ലാന്റ് - 1 എണ്ണം
9. സെമിനാറുകൾ - 3
10. പരിശീലന ക്ലാസ്സുകൾ - 24

(ഡി) 19-6-2012-ലെ 9207/Leg. B2/2010/Law വിജ്ഞാപനം അനുസരിച്ച് കശുവണ്ടി വ്യവസായത്തിന് ഉപയോഗിക്കുന്ന ഭൂമിയെ ഭൂ പരിഷ്കരണ നിയമത്തിന്റെ പരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. The Kerala Land Reforms (Second Amendment) Act, 2005 (Act 6 of 2012) പ്രകാരം ഒരു ഹെക്ടറിൽ 150-ൽ കുറയാതെ കശുമാവ് വൃക്ഷങ്ങൾ പ്രധാനമായും കൃഷി ചെയ്തിരിക്കുന്ന ഭൂമിയെ "കാഷ്യു എസ്റ്റേറ്റ്" എന്ന് നിർവ്വചിച്ചിട്ടുണ്ട്. ആഭ്യന്തര ഉൽപ്പാദനം ആവശ്യകതയുടെ 11% മാത്രമാണ്. സംസ്ഥാനത്തെ കശുവണ്ടി ഉൽപ്പാദനം കഴിഞ്ഞ 30 വർഷമായി അനുക്രമം കുറഞ്ഞുവരുന്ന പ്രവണതയാണുള്ളത്. റബ്ബറിന്റെ കടന്നുകയറ്റം പരമ്പരാഗതമായി കശുമാവ് കൃഷി ചെയ്തിരുന്ന നല്ലൊരു വിഭാഗം കർഷകരേയും റബ്ബർ കൃഷിയിലേക്ക് മാറുന്നതിന് പ്രേരിപ്പിച്ചു. 2007-ൽ കശുമാവ് കൃഷി വികസന ഏജൻസി രൂപീകൃതമായതുമുതൽ നാളിതുവരെ 25,000 ഹെക്ടറിൽ കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ കെ.എസ്.എ.സി.സി.-യുടെ ആഭിമുഖ്യത്തിൽ ജൈവ കശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക് സ്ഥാപനവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നത്. 2007-ൽ കെ.എസ്.എ.സി.സി.-ക്ക് രൂപം കൊടുക്കുമ്പോൾ ഉല്പാദനം 65,000 മെട്രിക് ടൺ ആയിരുന്നത് അനുക്രമമായി വർദ്ധിപ്പിച്ച് ഒന്നര ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുക എന്നതാണ് കെ.എസ്.എ.സി.സി.-യുടെ ലക്ഷ്യം. പരമ്പരാഗത ഇനങ്ങളിലെ കശുമാവ് കൃഷി സ്ഥലങ്ങൾ മറ്റുവിളകൾക്ക് വേണ്ടിയും വ്യാവസായിക ആവശ്യത്തിനും വീടു വയ്ക്കുന്നതിനും മറ്റുമായി വിനിയോഗിക്കുന്നതുമൂലം കശുമാവ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി അനുദിനം കുറഞ്ഞുവരികയാണ്. ഇക്കാരണത്താൽ സംസ്ഥാനത്തിന് ഇപ്പോഴത്തെ കണക്കനുസരിച്ച് ആവശ്യമായി വരുന്ന 8 ലക്ഷം മെട്രിക് ടൺ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ കഴിയില്ല.

സ്വതന്ത്ര സോഫ്റ്റ്വെയർ കർമ്മപരിപാടികൾ

8 (*758) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വതന്ത്ര സോഫ്റ്റ്വെയർ പ്രചരിപ്പിക്കാനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതിനായി സ്വതന്ത്ര സോഫ്റ്റ് വെയർ സെന്റർ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് സെന്റർ വഴി നടത്തിവരുന്നതെന്ന് വിശദമാക്കുമോ ; .

(ഡി) സ്വതന്ത്ര സോഫ്റ്റ്വെയർ പ്രചരിപ്പിക്കാൻ സർക്കാർ ചെയ്യേണ്ട കൂടുതൽ കാര്യങ്ങളെക്കുറിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ സെന്ററിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly